ഹയർ സെക്കൻഡറി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം.

**EX-II/1/12414/HSE/IMP/2018** തീയതി : **07/07/2018**

# <u>സർക്കുലർ</u>

വിഷയം :- ഹയർ സെക്കന്ററി ഒന്നാംവർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ ജൂലൈ 2018 - പരീക്ഷാഫീസടച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള തീയതി ദീർഘിപ്പിച്ചത് അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 07/06/2018-ലെ ഇതേ നമ്പർ വിജ്ഞാപനം.
2. 13/06/2018 ഇതേ നമ്പർ സർക്കുലർ.

- ജൂലൈയിൽ നടക്കുന്ന ഒന്നാംവർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന സ്കൂൾ ട്രാൻസ്ഫർ/ലാറ്ററൽ എൻട്രി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് <u>13/07/2018</u> വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആയതിനുള്ള ലിങ്ക് ഇപ്പോൾ ലഭ്യമാണ്.

- ജൂലൈ- 2018-ലെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി പരീക്ഷയ്ക്ക് റഗുലർ/ഓപ്പൺ റഗുലർ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നടത്തിയതിൽ വിഷയങ്ങൾ തെരഞ്ഞെടുത്തതിലോ അല്ലാതെയോ എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ ആയത് ഇപ്പോൾ തിരുത്താവുന്നതാണ്. ആയതിനുള്ള നിർദ്ദേശങ്ങൾ ഹയർസെക്കന്ററി പോർട്ടലിലെ Upload Data മെനുവിൽ Help desk-Exam എന്ന ലിങ്കിൽ ലഭ്യമാണ്.

- ജൂണിൽ നടന്ന രണ്ടാം വർഷ സേ/ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ <u>13/07/2018</u> വരെ കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾക്ക് ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി രജിസ്ട്രേഷനുള്ള ലിങ്ക് ലഭ്യമാകുന്നതാണ്.

- എല്ലാ വിഭാഗത്തിലുംപെട്ട (റഗുലർ/ഓപ്പൺ/സ്കൂൾ ട്രാൻസ്ഫർ/ലാറ്ററൽ എൻട്രി/കമ്പാർട്ട്മെന്റൽ) വിദ്യാർത്ഥികൾക്കും ആവശ്യമെങ്കിൽ <u>13/07/2018</u> വരെ ജൂലൈ - 2018-ലെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

- കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾക്കു മാത്രം ഇപ്രാവശ്യവും ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് ഒറ്റത്തവണ രജിസ്ട്രേഷനാണ് നൽകുന്നത്. അവർ ടി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന വിഷയത്തിൽ, ജൂലൈ - 2018-ലെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്കും മാർച്ച് - 2019-ലെ രണ്ടാം വർഷ പരീക്ഷയ്ക്കും രജിസ്റ്റർ ചെയ്യപ്പെടും. പരീക്ഷ എഴുതുന്ന വിഷയത്തിന്റെ ജൂലൈ - 2018-ലെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷാ ഫീസും മാർച്ച്- 2019-ലെ രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷാ ഫീസും ഒന്നിച്ച് ഒടുക്കേണ്ടതാണ്.

**ഒപ്പ്/-**
**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻസ്**